ജന്മഭൂമി വാരാദ്യം
2024 മെയ് 26 ഞായർ
Janmabhumi Daily
twitter@janmabhumi
janmabhumi.in




# ചെസ്ബോക്സിങ് ശക്തിയും ബുദ്ധിയും

**ചെസ്സും ബോക്സിങ്ങും ഇടകലർന്ന് നടക്കുന്ന റൗണ്ടുകൾക്കിടയിൽ ഒരാൾ ചെക്ക് മേറ്റ് ആകുകയോ റിങ്ങിൽ നോക്ക് ഔട്ട് ആകുകയോ ചെയ്യുമ്പോൾ മത്സരം അവസാനിക്കുന്നു. ഒരുപോലെ ബുദ്ധിയും ശക്തിയും അഥവാ ഏകാഗ്രതയും വേഗതയും ആവശ്യമായ കായിക ഇനമാണ് ഇത്. തമിഴ്നാട്, ബംഗാൾ , ഗുജറാത്ത്, മഹാരാഷ്ട്ര, ത്രിപുര പോലുള്ള സംസ്ഥാനങ്ങളിൽ ശക്തമായ സാന്നിധ്യമായ ഈ കായിക ഇനം അന്താരാഷ്ട്ര തലത്തിൽ ജർമ്മനി, ഇറ്റലി , സ്പെയിൻ, ടർക്കി, അമേരിക്ക, റഷ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രചാരം നേടിയിട്ടുണ്ട്**



രാജു എൻ.ആർ
7907127952

പന്ത്രണ്ടാമത് ചെസ്സ് ബോക്സിങ് നാഷണൽസ് കേരളത്തിൽ ജൂൺ ഏഴു മുതൽ ഒൻപതു വരെ നടക്കുമ്പോൾ ഭാരതത്തിലും വിദേശരാജ്യങ്ങളിലും വളർന്നുകൊണ്ടിരിക്കുന്ന ഈ കായിക ഇനത്തെക്കുറിച്ചു കൂടുതൽ അറിയുന്നത് കൗതുകകരമായിരിക്കും.

ഒരു കോമിക് പുസ്തകത്തിൽ നിന്ന് ഒരു ഗെയിം ആശയം ഉണ്ടാകുക. അത് ലോകം എമ്പാടും പ്രചാരം നേടുക. ഒറ്റ നോട്ടത്തിൽ അവിശ്വസനീയം എന്നു തോന്നുമെങ്കിലും ചെസ്സ് ബോക്സിങ് എന്ന ഹൈബ്രിഡ് കായിക ഇനത്തിന്റെ തുടക്കം അങ്ങനെ ആണ്. 1992ൽ ഒരു ഫ്രഞ്ച് കോമിക് പുസ്തകത്തിലാണ് ഈ ആശയം ആദ്യമായി അവതരിപ്പിക്കപ്പെട്ടത്. അതിനു മുൻപ് 1979ൽ ഒരു ചൈനീസ് ചിത്രത്തിൽ സമാനമായ ആശയം അവതരിപ്പിച്ചിരുന്നു. എങ്കിലും അത് ജനശ്രദ്ധ ആകർഷിക്കുന്നത് മുകളിൽ പറഞ്ഞ കോമിക് പുസ്തകത്തിൽനിന്നാണ്.

ഈ കോമിക് പുസ്തകവും അതിലെ ആശയത്തിന് ലഭിച്ച പ്രാദേശികമായ ജനപ്രീതിയും ഇപ്പെ റൂബിങ് എന്ന ഡച്ച് പെർഫോമൻസ് ആർട്ടിസ്റ്റ് ശ്രദ്ധിച്ചു. ഇതിനെക്കുറിച്ച് കൂടുതൽ പഠിച്ച് ഈ ആശയത്തെ അധികരിച്ചു ചെസ്സ് ബോക്സിങ് എന്ന ഹൈബ്രിഡ് കായിക ഇനത്തിനും അതിലെ നിയമങ്ങൾക്കും രൂപം നൽകി. 2020 ൽ അന്തരിച്ച ഇപ്പെ റൂബിങ് ആണ് ചെസ്സ് ബോക്സിങിന്റെ ഉപജ്ഞാതാവ് എന്നാണ് അറിയപ്പെടുന്നത്

എന്താണ് ചെസ്സ് ബോക്സിങ് എന്ന് പറയുന്നതിന് മുൻപ് ഒരു ഹൈബ്രിഡ് ഗെയിം എന്താണ് എന്നു നോക്കാം. രണ്ടു കായിക ഇനങ്ങൾ സമന്വയിപ്പിച്ചുള്ള ഒരു കായിക ഇനത്തെ ഹൈബ്രിഡ് ഗെയിം എന്ന് വിളിക്കാം. പെട്ടെന്ന് ഓർമ്മ വരുന്ന ഈ വിഭാഗത്തിൽപ്പെടുന്ന ഒരു ഗെയിം വാട്ടർ പോളോയാണ്.

നീന്തൽ, ഹാൻഡ് ബാൾ എന്നീ കായിക ഇനങ്ങളിൽ ഉള്ള വൈദഗ്ധ്യം വാട്ടർ പോളോ എന്ന കായിക ഇനത്തിന് ആവശ്യമാണല്ലോ.

ശാന്തമായി, തികഞ്ഞ ഏകാഗ്രതയോടെ കളിക്കേണ്ട ചെസ്സും വേഗതയുടെയും കരുത്തിന്റെയും സ്പോർട്സ് ആയ ബോക്സിങ്ങും സമന്വയിപ്പിച്ചുള്ള ചെസ്സ് ബോക്സിങ്, ഹൈബ്രിഡ് സ്പോർട്സ് ഇനങ്ങളിലെ വ്യത്യസ്തമായ ഒന്നാണ്. മൂന്ന് മിനിറ്റ് വീതമുള്ള മൂന്ന് റൌണ്ട് ചെസ്സ് മത്സരങ്ങളും രണ്ടു റൗണ്ട് ബോക്സിങ് മത്സരങ്ങളും ചേർന്നതാണ് ഒരു റൗണ്ട് (അന്താരാഷ്ട്ര മത്സരങ്ങളിൽ ഇത് 11 റൗണ്ട് ആകും.) ചെസ്സും ബോക്സിങ്ങും ഇടകലർന്ന് നടക്കുന്ന റൗണ്ടുകൾക്കിടയിൽ ഒരാൾ ചെക്ക്മേറ്റ് ആകുകയോ റിങ്ങിൽ നോക്ക് ഔട്ട് ആകുകയോ ചെയ്യുമ്പോൾ മത്സരം അവസാനിക്കുന്നു. ഒരുപോലെ ബുദ്ധിയും ശക്തിയും അഥവാ ഏകാഗ്രതയും വേഗതയും ആവശ്യമായ കായിക ഇനമാണ് ഇത്. തമിഴ്നാട്, ബംഗാൾ, ഗുജറാത്ത്, മഹാരാഷ്ട്ര, ത്രിപുര പോലുള്ള സംസ്ഥാനങ്ങളിൽ ശക്തമായ സാന്നിധ്യമായ ഈ കായിക ഇനം അന്താരാഷ്ട്ര തലത്തിൽ ജർമ്മനി, ഇറ്റലി , സ്പെയിൻ, ടർക്കി, അമേരിക്ക, റഷ്യ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ പ്രചാരം നേടിയിട്ടുണ്ട്.




കിക്ക് ബോക്സിങ് പോലെയുള്ള ഇനങ്ങളിൽ കാണപ്പെടുന്നത് പോലെ ഈ രണ്ടു കായിക ഇനങ്ങളിലെയും അടിസ്ഥാന തത്ത്വങ്ങളിൽ ഒരു മാറ്റവും ചെസ്സ് ബോക്സിങ്ങിൽ വരുത്തുന്നില്ല. രണ്ടു കായിക ഇനങ്ങളും അതതിന്റെ പൂർണ്ണ അർഥത്തിൽ ഉള്ള തനിമ നിലനിർത്തിക്കൊണ്ടുതന്നെയാണ് സമന്വയിക്കപ്പെടുന്നത്.

ക്രിക്കറ്റിൽ ടെസ്റ്റ് മത്സരങ്ങൾ, വൺഡേ മത്സരങ്ങൾ, 20-20 തുടങ്ങിയ വകഭേദങ്ങൾ ഉള്ളതുപോലെ ഈ കായിക ഇനത്തിലും ചെസ്സ് ബോക്സിങ് ഫിറ്റ്, ചെസ്സ്ബോക്സിങ് ലൈറ്റ്, ചെസ്സ് ബോക്സിങ് മെയിൻ എന്നീ വകഭേദങ്ങൾ ഉള്ളതായി കാണാം. ഈ വിഭജനം പ്രാഥമികമായി കൂടുതൽ ചെസ്സ് കളിക്കാരെ ഈ കായിക ഇനത്തിലേക്കു ആകർഷിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതെങ്ങനെ സാധിക്കുന്നു എന്നു നോക്കാം. ചെസ്സ് ബോക്സിങ് ഫിറ്റിൽ ചെസ്സ് റൗണ്ടിനു ശേഷമുള്ള ബോക്സിങ് റൗണ്ടിൽ നേരിട്ടുള്ള ബോക്സിങ്ങിനു പകരം ഓരോ കളിക്കാരും അടുത്ത മൂന്ന് മിനിറ്റ് ബോക്സിങ് ബാഗിൽ പഞ്ച് ചെയ്യുന്നു. ചെസ്സ് ബോക്സിങ് ലൈറ്റിൽ ആകട്ടെ ബാഗിൽ പഞ്ച് ചെയ്യുന്നതിനു പകരം TOUCH SPARING എന്ന, ശക്തിയേക്കാളും വേഗത്തിനും കൃത്യതക്കും പ്രാധാന്യം കൊടുക്കുന്ന, രീതിയാണ് അവലംബിക്കുന്നത്. ഈ രണ്ടു വിഭാഗത്തിലും, എതിരാളിയെ നോക്ക് ഔട്ട് ആക്കുന്നതിനു പകരം പഞ്ചുകളുടെ കൃത്യതക്കും പൂർണതയ്ക്കും ആണ് പ്രാധാന്യം കൊടുക്കുന്നത്.

ഈ രണ്ടു വിഭാഗങ്ങളിലും നിർദിഷ്ട ചെസ്സ് റൗണ്ടുകളിൽ എതിരാളിയെ ചെക്ക് മേറ്റ് ആകാൻ സാധിച്ചില്ല എങ്കിൽ ബോക്സിങ് റൗണ്ടുകളിലെ പ്രകടനം വിലയിരുത്തപ്പെടുന്നു. എന്നാൽ പൂർണമായുള്ള ചെസ്സും പൂർണമായുള്ള ബോക്സിങ്ങും ഉൾക്കൊള്ളുന്ന ചെസ്സ് ബോക്സിങ് മെയിൻ എന്ന ഇനത്തിലാണ് ഈ കായിക ഇനത്തിന്റെ മുഴുവൻ സൗന്ദര്യവും ആസ്വദിക്കാൻ കഴിയുന്നത്. ചെസ്സ് ബോക്സിങ് മെയിൻ എന്ന ഇനത്തിലേക്കുള്ള യാത്രയാണ് മറ്റു രണ്ടു ഇനങ്ങളും.

ഈ കായിക ഇനം ഇന്ത്യയിൽ പ്രചരിപ്പിക്കുന്നതിൽ മുഖ്യ പങ്കു വഹിച്ച ഷിഹാൻ മോണ്ടു ദാസ് ആണ്, ചെസ്സ് ബോക്സിങ് ഓർഗനൈസേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനും ആദ്യ പ്രസിഡന്റും.







ചെസ് ബോക്സിങ് -ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ കളിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്കുള്ള അംഗീകാരമായിട്ടാണ് 2024 ലെ നാഷണൽസിനു വേദി ആകാനുള്ള അവസരത്തെ കാണുന്നതെന്ന് കേരള ചെസ്സ് ബോക്സിങ് അസോസിയേഷൻ പ്രസിഡണ്ട് ശന്തനു പറയുന്നു. കേരളത്തിൽ നിന്നുള്ള മനോജ് മാധവൻ, അരുന്ധതി ആർ. നായർ, സായി ദുർഗാ നന്ദിനി തുടങ്ങിയ കായിക താരങ്ങൾ ദേശീയ അന്തർദേശീയ നേട്ടങ്ങൾ വഴി ഇതിനകം ഭാരതത്തിന്റെ മാത്രമല്ല ലോക ചെസ്സ് ബോക്സിങ് ലോകത്തിന്റെ തന്നെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.


മടങ്ങാം പ്രകൃതിയിലേക്ക്

അരനൂറ്റാണ്ടിനുമപ്പുറത്ത് 2

എഴുത്തിലെ സാംസ്കാരിക പ്രതിരോധം 3

ചലച്ചിത്രവഴികളിൽ ഒരു ചരിത്രഗവേഷകൻ 4